# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 191** — **26/09/2016-ൽ മറുപടിക്ക്**

## പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനത്തിന് നിയമിച്ചിട്ടുള്ള ജീവനക്കാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ.എ. നെല്ലിക്കുന്ന്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
| എ) | പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനത്തിന് ആരോഗ്യ വകുപ്പ് എത്ര ജീവനക്കാരെയാണ് നിയമിച്ചത്; ഇവരെ നിയമിച്ച തീയതിയും വർഷവും ജില്ല തിരിച്ചുള്ള കണക്കും നൽകാമോ; | (എ) യും (ബി) യും | പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ വിവിധ വിഭാഗങ്ങളിലായി സ.ഉ(കൈ)നം. 187/2012/ആ.കു.വ തീയതി 20/06/2012 പ്രകാരം 1902 പേരെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ സ.ഉ(കൈ)212/13/ആ.കു.വ തീയതി 31.05.2013 പ്രകാരം തിരുവനന്തപുരത്ത് 115 ഉം ആലപ്പുഴയിൽ 32 ഉം കോട്ടയത്ത് 27 ഉം മലപ്പുറത്ത്(മഞ്ചേരി) 12 ഉം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഡോക്ടർ, സ്റ്റാഫ് നേഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, അറ്റൻഡർ, ലാബ് അസിസ്റ്റന്റ്, ക്ലീനിംഗ് സ്റ്റാഫ്, ജെ.എച്ച്.ഐ. സ്പ്രേമാൻ എന്നിവരെയാണ് ഇപ്രകാരം നിയമിച്ചിട്ടുള്ളത്.<br>ഫണ്ടിന്റെ അപര്യാപ്തത മൂലം ടി ജീവനക്കാർക്ക് ശമ്പളം മുടങ്ങാതെ നൽകാൻ സാധിച്ചിട്ടില്ല. ആരോഗ്യവകുപ്പിനു കീഴിൽ നിയമിച്ച ജീവനക്കാരുടെ കുടിശ്ശിക സംബന്ധിച്ച ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ആലപ്പുഴ ഗവ.മെഡിക്കൽ കോളേജിൽ നിന്ന് നിയമിച്ച ജീവനക്കാർക്ക് 8,95,161 രൂപയും കോട്ടയം ഗവ.മെഡിക്കൽ കോളേജിൽ നിന്ന് നിയമിച്ച ഒരു ജീവനക്കാരന്റെ ശമ്പളവും മഞ്ചേരി(മലപ്പുറം), ഗവ.മെഡിക്കൽ കോളേജിൽ നിന്ന് നിയമിച്ച 5 ഗ്രേഡ് II ജീവനക്കാർക്ക് 11 മാസത്തെ ശമ്പളമായ 3,86,100/- രൂപയും കുടിശ്ശികയായി നല്കാനുണ്ട്. |
| ബി) | ഏതൊക്കെ വിഭാഗം ജീവനക്കാരെയാണ് മഴക്കാലജന്യരോഗങ്ങൾ തടയാനായി താൽക്കാലിക ജീവനക്കാരായി നിയമിച്ചത്; നിയമനത്തിനു ശേഷം ഇവർക്ക് ശമ്പളം മുടങ്ങാതെ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആകെ നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ; | | |

| | | | |
|---|---|---|---|
| സി) | കുടിശ്ശിക നൽകാനായി ധന വകുപ്പ് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ശമ്പള വിതരണം നടക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | സി) | ടി ജീവനക്കാർക്ക് കുടിശ്ശിക ശമ്പളം നൽകുന്നതിനായി അഡീഷണൽ ആതോറൈസേഷനായി അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി സമർപ്പിച്ചപ്പോൾ നടപ്പുവർഷത്തെ ബഡ്ജറ്റിൽ പകർച്ചവ്യാധി നിയന്ത്രണത്തിനായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത തുക ഉപയോഗിച്ചതിനുശേഷംമാത്രമേ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിക്കാൻ കഴിയുകയുള്ളുവെന്നും ടി വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. പ്രസ്തുത അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ

അനുബന്ധം I

| ജില്ല | ഡോക്ടർ | സ്റ്റാഫ് നഴ്സ് | ഫാർമസിസ്റ്റ് | ലാബ് ടെക്നീഷ്യൻ | ക്ലീനിംഗ് സ്റ്റാഫ | ജെ.എച്ച്. ഐ | സ്പ്രേ മാൻ | ആകെ |
|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 30 | 100 | 20 | 10 | 30 | 25 | 10 | **225** |
| കൊല്ലം | *15* | *60* | *18* | *15* | 20 | 25 | 25 | **178** |
| പത്തനംതിട്ട | 15 | 20 | 15 | 13 | 60 | 25 | 10 | **158** |
| ആലപ്പുഴ | 15 | 20 | 15 | 11 | 45 | 15 | 10 | **131** |
| കോട്ടയം | 15 | 20 | 13 | 9 | 12 | 25 | 25 | **119** |
| ഇടുക്കി | 5 | 20 | 10 | 0 | 50 | 15 | 10 | **110** |
| എറണാകുളം | 0 | 0 | 10 | 12 | 10 | 20 | 25 | **77** |
| തൃശ്ശൂർ | 0 | 0 | 5 | 0 | 15 | 30 | 10 | **60** |
| പാലക്കാട് | *10* | *30* | **6** | *11* | *15* | *10* | 25 | **107** |
| മലപ്പുറം | 25 | 25 | 20 | 15 | 50 | 30 | 25 | **190** |
| കോഴിക്കോട് | 24 | 15 | **25** | **24** | 10 | 30 | 25 | **153** |
| വയനാട് | 5 | 20 | 12 | 5 | 20 | 15 | 10 | **87** |
| കണ്ണൂർ | 15 | 20 | 17 | 10 | 10 | 30 | *10* | **112** |
| കാസർഗോഡ് | 35 | 25 | **25** | 10 | 50 | 25 | 25 | **195** |
| **ആകെ** | **209** | **375** | **211** | **145** | **397** | **320** | **245** | **1902** |

Reena
സെക്ഷൻ ഓഫീസർ

അനുബന്ധം 2

## ശമ്പള കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ

| Districts | Funds required upto June 2016 (Pre-revised scale) | Additional Funds required upto September 2016 ( pre revised scale) |
|---|---|---|
| Thiruvananthapuram | 32,75,300 | 14,03,700 |
| Kollam | 15,00,000 | 5,00,000 |
| Pathanamthitta | 78,31,300 | 78,31,300 |
| Alappuzha | 54,58,540 | 19,66,500 |
| Kottayam | 20,25,500 | 12,00,000 |
| Iduki | 30,97,150 | 22,88,790 |
| Ernakulam | 15,07,687 | 8,06,160 |
| Thrissur | 14,83,598 | 7,05,660 |
| Kozhikkode | 2,61,146 | 1,53,000 |
| Palakkad | 28,04,704 | 19,08,360 |
| Malappuram | 1,66,31,120 | 45,35,760 |
| Wayanad | 29,77,201 | 9,05,253 |
| Kannur | 60,00,000 | 30,00,000 |
| Kasargod | 65,35,200 | 49,01,400 |
| Total | 6,13,88,446 | 3,21,05,883 |

Beena

സെക്ഷൻ ഓഫീസർ